**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 352** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികഗോത്ര യുവജനങ്ങളുടെ നൈപുണ്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം എസ് അരുൺ കുമാർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സാമ്പത്തിക സ്വയംപര്യാപ്തത കൈവരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലെത്തുന്നതിനായി പട്ടികഗോത്രങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിന് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തുന്നതിനായി പട്ടികഗോത്രങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമായി തുണിത്തര നിർമ്മാണം, വിഷ്വൽമീഡിയ, ഐ.റ്റി, ഹോട്ടൽ മാനേജ്മെന്റ്, പ്ലാസ്റ്റിക് ഇൻഡസ്ട്രി, ആട്ടോമൊബൈൽ, സ്വയം തൊഴിൽ കണ്ടെത്തൽ, പാരമെഡിക്കൽ മേഖല, ആയുർവേദ, പഞ്ചകർമ്മ, കാർഷിക മേഖലയിലും, കെട്ടിട നിർമ്മാണ മേഖലയിലും തൊഴിൽ, പരമ്പരാഗതകൃഷിയെ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദവിവരം അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | ആധുനിക തൊഴിൽ മേഖലകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഇവർക്ക് രാജ്യത്തിനകത്തും വിദേശത്തും തൊഴിൽ തേടാൻ സഹായം നൽകിവരുന്നുണ്ടോ; | (ബി) | ആധുനിക തൊഴിൽ മേഖലകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ആയതിലൂടെ വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർക്ക് രാജ്യത്തിനകത്തും വിദേശത്തും തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നുണ്ട്. വിദേശത്ത് പോകുവാൻ തെരഞ്ഞെടുക്കുന്നവർക്ക് യാത്രാചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി വകുപ്പ് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. |
| (സി) | ഇവർക്കായി വരുമാനദായകമായ രീതിയിൽ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടിക വർഗ്ഗക്കാർക്കായി വരുമാനദായകമായ രീതിയിൽ കാർഷിക വൃത്തി പോത്സാഹിപ്പിക്കുന്നതിന് വിവിധ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദവിവരം അനുബന്ധം - II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## തൊഴിൽ നൈപുണ്യ പരിശീലനം

2016 മുതൽ 2020-21 വർഷം വരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 17 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 48 കോഴ്സുകളിലായി 5808 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ- വിദേശത്ത് തൊഴിൽ ലഭിച്ച 22 ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ പരിശീലനം പൂർത്തിയാക്കിയ 2990 പേർക്ക് തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ പരിശീലനം, അപ്പാരൽ പാർക്ക്, കെ.എസ്.ആർ.ടി.സിയുമായി സഹകരിച്ച് റെസ്റ്റോറന്റുകൾ നടത്തുക, ഹോട്ടൽ മനേജ്മെന്റ് കോഴ്സുകൾ തുടങ്ങിയ ആധുനിക ലോകത്ത് തൊഴിൽ സാധ്യതയുള്ള പരിശീലന പരിപാടികൾ നടന്നു വരുന്നു.

2021-22 വർഷത്തേയ്ക്ക് 84 ആധുനിക രീതിയിലുള്ള നൈപുണ്യ പരിശീലനങ്ങൾ നടപ്പിലാക്കുന്നതിന് ലക്ഷ്യം വെയ്ക്കുന്നു.

**സെന്റർ ഫോർ സ്കിൽ എക്സലൻസ്** എന്ന പരിശീലന സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തി.

അട്ടപ്പാടിയിൽ ട്രൈബൽ അപ്പാരൽ പാർക്ക് എന്ന സ്ഥാപനം മുഖേന 291 പട്ടികവർഗ്ഗ യുവതികൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

ഇതിനുപുറമെ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും, വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് 2018-ൽ **കരിയർ ഗൈഡൻസ് ജോബ് ഫെയർ** സംഘടിപ്പിച്ചു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം - II

## മില്ലെറ്റ് വില്ലേജ്

കൃഷി വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും, ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി മില്ലെറ്റ് വില്ലേജ് പദ്ധതി പ്രകാരം 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

## നമത്ത് വെള്ളാമെ

സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 2019 മുതൽ 'നമത്ത് വെള്ളാമെ' എന്ന പദ്ധതി ആരംഭിച്ചു.

## ഹരിതരശ്മി

പരമ്പരാഗത കൃഷി വ്യാപിപ്പിക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപമെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിന് 5.15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

## ഫാമുകളുടെ നവീകരണം

വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചിങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിന്റെ ഭാഗമായി അട്ടപ്പാടി ഫാമിന് 150 ലക്ഷം രൂപയും, ആറളം ഫാമിനായി 300 ലക്ഷം രൂപയും അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

കൂടാതെ, 2020-21 വർഷം മുതൽ അട്ടപ്പാടി മേഖലയിലെ കാർഷിക വികസന പ്രവർത്തനങ്ങൾക്കായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി **'കോംപ്രിഹെൻസീവ് ആന്റ് സസ്റ്റെയിനബിൽ അഗ്രിക്കൾച്ചറൽ ഡവലപ്മെന്റ് പ്രോഗ്രാം ഫോർ അട്ടപ്പാടി ട്രൈബ്സ്'** എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(signature)

സെക്ഷൻ ഓഫീസർ